# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3787 15.12.2014-ൽ മറുപടിയ്ക്ക്**

**സോളാർ തട്ടിപ്പ് കേസ് ജുഡീഷ്യൽ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ തട്ടിപ്പ് കേസ് ജുഡീഷ്യൽകമ്മീഷൻ മുമ്പാകെ വിശദീകരണ പത്രിക നൽകാൻ കാലവിളംബം നേരിടുകയുണ്ടായോ ; ഇതേ തുടർന്ന് സർക്കാർ കമ്മീഷന് മാപ്പ് അപേക്ഷ നല്കുകയുണ്ടായോ ? | (എ) കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം വിശദീകരണ പത്രികകൾ നൽകാൻ ഒരു കാലയളവും നിയമവും അനുശാസിക്കുന്നില്ല. എന്നാൽ ജുഡീഷ്യൽ കമ്മീഷന് അതിന്റെ നടപടിക്രമങ്ങൾ പാലിക്കുവാനും നടപ്പിലാക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ആ അധികാരം വിനിയോഗിച്ച് പത്രികകൾ സമർപ്പിക്കുവാൻ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഇപ്രകാരം പത്രിക സമർപ്പിക്കാൻ കുറച്ചു സമയം കൂടി നീട്ടിത്തരണമെന്ന് കമ്മീഷന് മുമ്പാകെ അപേക്ഷിക്കുകയും ആ അപേക്ഷ കമ്മീഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ